## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2744 02.04.2013 -ലെ മറുപടിക്ക്

### എഞ്ചിനീയറിംഗ് കോളേജുകളിലെ സീറ്റുകൾ

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | ഉത്തരം<br>ശ്രീ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ) | സംസ്ഥാനത്തു സർക്കാർ എയ്ഡഡ്, സഹകരണ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് നിലവിലുള്ളത് ; ആകെ എത്ര കോളേജുകളാണ് ഉള്ളത്; തരംതിരിച്ച് വ്യക്തമാക്കുമോ ; | (എ) | ആകെ 50944 സീറ്റുകളുണ്ട് ആകെ 153 കോളേജുകളുണ്ട്. കോളേജുകളുടെയും സീറ്റുകളുടെയും തരംതിരിച്ച ലിസ്റ്റ് അന്യത്ര ചേർക്കുന്നു |
| (ബി) | 2012-13 അക്കാദമിക് വർഷം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത് ; വ്യക്തമാക്കുമോ ; | (ബി) | 2012-13 വർഷം അവസാന അലോട്ട്മെന്റ് കഴിഞ്ഞതിന് ശേഷം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റിന് ലഭ്യമായ സീറ്റുകളിൽ 7683 സീറ്റുകൾ ഒഴിഞ്ഞു കിടന്നിരുന്നു. |
| (സി) & | ഇപ്രകാരം നൂറുകണക്കിന് സീറ്റുകൾ ഒഴിഞ്ഞു കിടക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ : വിശദമാക്കുമോ : | (സി) & (ഡി) | പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യേണ്ട സീറ്റുകളിൽ അർഹരായ വിദ്യാർത്ഥികൾ, പ്രസ്തുത കോളേജുകളിൽ ആവശ്യമായ ഓപ്ഷൻ നൽകാത്തതും, സ്വാശ്രയ |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തെ മൂന്നിലൊന്നു ബി.ടെക് സീറ്റുകളും ഒഴിഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് പുറത്തു പോയി പഠിക്കുന്ന സംസ്ഥാനത്തെ വിദ്യാർത്ഥി കളെയും സംസ്ഥാനത്തിന് പുറത്തു നിന്നുള്ള വിദ്യാർത്ഥി കളെയും ഇവിടേയ്ക്ക് ആകർഷിക്കുവാൻ 2013-14 അക്കാദമിക് വർഷം മുതൽ എന്തെങ്കിലും നടപടി സ്വീകരി ക്കുവാൻ സർക്കാർ ഉദ്ദേശി ക്കുന്നുവോ; വിശദമാക്കുമോ : | | മാനേജുമെന്റുകളുമായുള്ള കരാറിന്റെയടിസ്ഥാനത്തിൽ നിർദ്ദിഷ്ട തീയതിക്കുശേഷം പ്രവേശനപരീക്ഷാ കമ്മീഷ ണർക്ക് അലോട്ട്മെന്റ് നടത്തുവാൻ നിർവ്വാഹ മില്ലാത്തും, സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതിന്കാരണമാകുന്നു 2013-14 അദ്ധ്യയന വർഷം മുതൽ പ്രവേശന പരീക്ഷ മൂല്യനിർണ്ണയം, അലോട്ട്മെന്റ് ഇവ മുൻവർഷങ്ങളെ അപേ ക്ഷിച്ച് കൂടുതൽ നേരത്തെയാ ക്കുവാനും സമയബന്ധിതമായി പൂർത്തിയാക്കുവാനും തീരുമാ നിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ കൂടുതൽ വിദ്യാർത്ഥികളെ ഇവിടേക്ക് ആകർഷിക്കുവാൻ കാരണമാ കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | കേരളത്തിൽ നിന്ന് 2011-12, 2012-13 അക്കാദമിക് വർഷം ശരാശരി എത്ര വിദ്യാർത്ഥികൾ തമിഴ്നാട്, കർണ്ണാടക എന്നീ അന്യ സംസ്ഥാനങ്ങളിൽ ബി.ടെക് പഠിക്കുന്നതായി കണക്കാ ക്കുന്നു ; | (ഇ) | ഇതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |
| (എഫ്) | മാർക്ക് സമീകരണത്തിന്റെ പേരിൽ എഞ്ചിനീയറിംഗ് റാങ്ക് പട്ടിക വൈകുന്നതാണ് സംസ്ഥാനത്തെ കുട്ടികൾ അന്യസംസ്ഥാനങ്ങളിലെ സ്ഥാപനങ്ങൾ തെരഞ്ഞെടു ക്കുവാൻ കാരണമെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരി ക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ? | (എഫ്) | വിവിധ ബോർഡുകളിൽ നിന്നും യോഗ്യതാ പരീക്ഷയുടെ മാർക്ക് ലഭിക്കുന്നതിനുള്ള കാലതാമസം കൊണ്ടാണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് വൈകുന്നത് എന്നിരുന്നാലും കഴിഞ്ഞ വർഷം വളരെ നേരത്തെ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞു. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് വൈകുന്നതു മൂലം വിദ്യാർത്ഥികൾ അന്യ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടു ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

(ജി) കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ വിജ്ഞാപനം മറ്റു സംസ്ഥാനങ്ങളിലെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും മറ്റു സംസ്ഥാനങ്ങളിൽ പരീക്ഷാ കേന്ദ്രം അനുവദിക്കുകയും ചെയ്താൽ കൂടുതൽ വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;

വിശദമാക്കുമോ:

(ജി) കേരള എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ വിജ്ഞാപനം മറ്റ് സംസ്ഥാനങ്ങളിലെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുകയും, മറ്റ് സംസ്ഥാനങ്ങളിൽ പരീക്ഷാകേന്ദ്രം അനുവദിക്കുകയും ചെയ്യുന്നതുകൊണ്ട് മാത്രം കൂടുതൽ വിദ്യാർത്ഥികളെ ഇവിടേക്ക് ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നില്ല.

9/

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**